Draft #15 of File 5927/P&D 3-1/2020/P&D 3 Approved by DEPUTY REGISTRAR (P & D) on 30-Mar-2021 12:48 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയിൽ ഫയൽ ഫ്ലോ മാനേജ്മന്റ് സിസ്റ്റം (FFMS) നടപ്പിലാക്കിയത് - FFMS-AMC യുടെ പുതുക്കിയ പ്രൊപോസൽ (2020 -2021 )അംഗീകരിക്കുന്നത് സംബന്ധിച്ച് സിണ്ടിക്കേറ്റ് ആസൂത്രണവും വികസനവും ഉപസമിതി യോഗത്തിന്റെ ശുപാർശ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**എസ് സി / എസ് ടി സെൽ**

നമ്പർ. 1857/SC/ST Cell/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.03.2021

---

*പരാമർശം:*-1. യു.ഒ.നം. 3992/പി & ഡി - 3/2/2018/ഭ.വി തീയതി 16.05.2018

2. യു.ഒ.നം .2642P&D 3/2020/എം.ജി.യു തീയതി 17.06.2020

3. യു.ഒ.നം. 5174/SC/ST Cell/2020/എം.ജി.യു തീയതി 05.11.2020

4. കെൽട്രോണിൽ നിന്നുള്ള കത്ത് നം. ITBG/SWG/MGU/201224/395 തീയതി 24.12.2020

5 .17.03 .2021 തീയതിയിൽ കൂടിയ സിണ്ടിക്കേറ്റ് ആസൂത്രണവും വികസനവും ഉപസമിതി യോഗത്തിന്റെ മിനിട്സ് ഇനം നം. 5927/P&D 3-1/2020

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം File Flow Management System (FFMS) നടപ്പിലാക്കുന്നതിനായി M/s. Kerala State Electronics Development Corporation (KELTRON) മായി സർവ്വകലാശാല കരാറിൽ ഏർപ്പെട്ടിരുന്നു.

പദ്ധതി നടത്തിപ്പിനായുള്ള ഒന്നാംവർഷ എസ്റ്റിമേറ്റ് Rs.44,69,481 (നാൽപ്പത്തി നാല് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി നാനൂറ്റി എണ്പത്തിയൊന്നു രൂപ മാത്രം ) രൂപയായി അംഗീകരിച്ചുകൊണ്ട് പരാമർശം (1 ) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

M/s. KELTRON - മായി സർവ്വകലാശാല ഏർപ്പെട്ട കരാർ ക്ലോസ് 13 പ്രകാരം " Software is warranted for 12 months from the date of commissioning after successful completion of testing" എന്നും, ക്ലോസ് 15 പ്രകാരം, "Contractor is ready to give AMC and System Support after the completion of warranty period at a rate of 12% of the software cost "എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ വ്യവസ്ഥ പ്രകാരം FFMS സംവിധാനത്തിൻെറ ആദ്യ വാർഷിക പരിപാലന കരാർ തുടങ്ങേണ്ടത് 01/06/2019 ന് ആണ്.

[Date of Commissioning after successful testing: 01/06/2018

Date of end of 12 Months Warranty : 31/05/2019]
പ്രസ്തുത കരാർ പ്രകാരമുള്ള ആദ്യത്തെ AMC Period 01/06/2019 മുതൽ 31/05/2020 വരെയായിരുന്നു. പരാമർശം (2) പ്രകാരം M/s. കെൽട്രോൺ നൽകിയിട്ടുള്ള ആദ്യവർഷത്തെ (2019-2020) FFMS-AMC പ്രൊപോസൽ അംഗീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം 01.06.2019 മുതൽ 31.05.2020 വരെയുള്ള AMC തുകയും 14.05.2019 മുതൽ 13.05.2020 വരെയുള്ള Server hosting of FFMS Charges -ഉം ചേർത്ത് മൊത്തം Rs. 6,75,624/- (ആറു ലക്ഷത്തി എഴുപത്തി അയ്യായിരത്തി അറുനൂറ്റി ഇരുപത്തിനാല് രൂപ മാത്രം )+ GST ഇതിനോടകം കെൽട്രോണിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പരാമർശം (4) പ്രകാരം 2020-2021 വർഷത്തെ പുതുക്കിയ FFMS AMC പ്രൊപോസൽ കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിലെ AMC കാലയളവ് 01/06/2020 മുതൽ 31/05/2021 വരെയും Server Hosting of FFMS കാലയളവ് 14/05/2020 മുതൽ 13/05/2021 വരെയുമാണ്. AMC നൽകുന്നതിന് 3,82,320/- രൂപയും Server hosting ചാർജായി 4,14,916/- രൂപയുമുൾപ്പടെ മൊത്തം 7,97,236/- (GST ഉൾപ്പടെ )രൂപക്കുള്ള AMC Proposal ആണ് M/s KELTRON സമർപ്പിച്ചിരിക്കുന്നത്.

ടി പ്രൊപ്പോസൽ CITAD സെക്ഷന്റെ അഭിപ്രായത്തിനയച്ചിരുന്നു. FFMS സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ സേവനം കെൽട്രോണിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും, Server സംബന്ധമായ ചില സാങ്കേതിക പ്രശ്നങ്ങൾ ഇടയ്ക്ക് ഉണ്ടാവാറുള്ളത് സ്ഥിരമായി പരിഹരിക്കുന്നതിനായി ടി Software AWS - ൽ host ചെയ്യുന്നതിന്റെ സാധ്യതകൾ AMC കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആലോചിക്കുകയാണെങ്കിൽ Server hosting charge ഇനത്തിലുള്ള തുക ലാഭിക്കാമെന്ന് CITAD സെക്ഷൻ അഭിപ്രായപ്പെടുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശ പ്രകാരം ഫയൽ ഫ്ളോ മാനേജ്മെന്റ് സിസ്റ്റം (FFMS ) നടപ്പിലാക്കിയതിന്റെ ഭാഗമായി M/s KELTRON മായി ഏർപ്പെടുന്ന കരാർ പ്രകാരം 01 .06 .2020 മുതൽ 31 .05 .2021 വരെയുള്ള കാലയളവിലെ വാർഷിക പരിപാലന ചാർജ് ആയി 3,24,000 + 18 % GST = 3,82,320 /- രൂപായും 14.05.2020 മുതൽ 13.05.2021 വരെയുള്ള കാലയളവിലെ Server Hosting ചാർജ് 3,51,624 + 18 % GST = 4,14,916 /- രൂപയും മൊത്തം 7,97,236 /- (ഏഴു ലക്ഷത്തി തൊണ്ണൂറ്റേഴായിരത്തി ഇരുന്നൂറ്റി മുപ്പത്താറു രൂപാ മാത്രം )രൂപാക്ക പുതുക്കുവാനും കരാർ തുക 2020 - 21 സാമ്പത്തിക വർഷ ബജറ്റിലെ 21 101 81 E - Governance എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്താവുന്നതാണെന്നും സർവ്വകലാശാല ധനകാര്യ വിഭാഗം ശിപാർശ ചെയ്തിട്ടുണ്ട്. ധനകാര്യ വിഭാഗത്തിന്റെ പ്രസ്തുത ശുപാർശകൾ പരിഗണിക്കുന്നതിനും വിഷയം സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനുമായി വൈസ് ചാൻസലർ ഉത്തരവായതനുസരിച്ച് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം സിണ്ടിക്കേറ്റിന്റെ ആസൂത്രണവും വികസനവും ഉപസമിതി യോഗത്തിൽ 01.06.2020 മുതൽ 31.05.2021വരെയുള്ള കാലയളവിലേക്ക് FFMS സംവിധാനത്തിനായി കെൽട്രോൺ സമർപ്പിച്ച AMC പ്രൊപോസൽ അംഗീകരിക്കുന്നതിനും, ടി കാലയളവിലേക്ക് കെൽട്രോണുമായി FFMS-AMC കരാറിൽ ഒപ്പിടുന്നതിനുള്ള അനുമതി നൽകുന്നതിനും, 01 .06 .2020

Draft #15 of File 5927/P&D 3-1/2020/P&D 3 Approved by DEPUTY REGISTRAR (P & D) on 30-Mar-2021 12:48 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മുതൽ 31 .05 .2021 വരെയുള്ള AMC ചാർജായ 3,82,320/- രൂപയും 14.05.2020 മുതൽ 13.05.2021 വരെയുള്ള കാലയളവിലെ Server hosting ചാർജായ 4,14,916 /- രൂപയും ഉൾപ്പടെ മൊത്തം 7,97,236 /- (ഏഴു ലക്ഷത്തി തൊണ്ണൂറ്റേഴായിരത്തി ഇരുന്നൂറ്റി മുപ്പത്താറു രൂപാ മാത്രം ) (GST ഉൾപ്പടെ ) രൂപാ കെൽട്രോണിന് നൽകുന്നതിനും കരാർ തുക 2020 - 21 സാമ്പത്തിക വർഷ ബജറ്റിലെ 21 101 81 E - Governance എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തുന്നതിനുമുള്ള അനുമതി നൽകുന്നതിനും ശുപാർശ ചെയ്തു.

സിൻഡിക്കേറ്റിന്റെ ആസൂത്രണവും വികസനവും ഉപസമിതിയുടെ പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ III (ഭരണ വിഭാഗം), IT Consultant (CITAD)
4.M/s. കെൽട്രോൺ Ltd.
5.ഫിനാൻസ് I/ഓഡിറ്റ് I ,V ,IQAC , CITAD
6. എ സി സി സെക്ഷൻ / എ ഡി ഡി സെക്ഷൻ
7.ജോയിന്റ് ഡയറക്ടർ,കെ സ് എ ഡി / അക്കൗണ്ട്സ് V
8. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
9. സി. എം. എസ് .
10. എസ് .എഫ്/ എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #15 of File 5927/P&D 3-1/2020/P&D 3 Approved by DEPUTY REGISTRAR (P & D) on 30-Mar-2021 12:48 PM - Page 3